# തറവാട്

(പാർട്ട് 7)

എന്റെ മൊബൈലിന്റെ മണിയടികേട്ടാണു ഞാൻ ഉണർന്നത്. ഞാൻ ചുറ്റും നോക്കി. ലീലേച്ചി എവിടെ?. അയ്യോ ഞാൻ സ്വപ്നം കണ്ടതാണോ?... പഴയ കാര്യങ്ങൾ ഓർത്ത് ഞാൻ ഉറങ്ങിപ്പോയിരുന്നു. മൊബൈൽ എടുത്ത് നോക്കി. രാജുവിന്റെ നമ്പർ.

“ഹലോ ടാ...“

”മച്ചാ നീ എവിടെയാ??“

”അത് പോട്ടെ നിങ്ങൾ എവിടെയാ???“

”ടാ ഞങ്ങൾ ഇപ്പഴും ഗോവയിൽ ആണു, ഒരാഴ്ചയും കൂടി കഴിഞ്ഞേ ഞങ്ങൾ അങ്ങോട്ട് വരൂ... അവിടെ കൊഴപ്പം ഒന്നും ഇല്ലല്ലോ അല്ലേ???“

”ഇവിടെ കൊഴപ്പം ഒന്നുമില്ല... നീ ഇവിടെ എത്തുമ്പോ എന്നെ വിളിക്ക്. അല്ലാതെ നേരിട്ട് വീട്ടിലോട്ട് കയറി വരരുത്.“

”ശെരിടാ മച്ചാ... അത് പോട്ടെ നിന്റെ അപ്പൻ വിളിച്ചിരുന്നു. പുള്ളിക്ക് എന്തോ സംശയം ഒണ്ടെന്ന് തോന്നണു.“

”ഈശോയേ... അപ്പൻ എന്താ പറഞ്ഞേ???“

”നീ എവിടെ എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു ഹോട്ടലിൽ ആണു എന്ന്. അല്ല നീ അമ്മയെ വിളിച്ചിരുന്നോ??.“

”ഞാൻ അമ്മയോട് പറഞ്ഞിരുന്നു ഞാൻ ഇവിടെ ആണെന്ന്. കർത്താവേ ഇനി എന്തൊക്കെയാണോ ഒണ്ടാകൻ പോണത്. എനിക്ക് വയ്യാ....“

”മച്ചാ നീ ഏതായാലും അമ്മയെ ഒന്നുകൂടി വിളിക്ക്. എന്നിട്ട് സംഭവം എന്താണെന്ന് ചോദിക്ക് ഒകെ???“

”ശെരിടാ... എങ്കിൽ നീ വെച്ചോ... ഞാൻ അമ്മയെ ഒന്ന് വിളിക്കട്ടെ“

”ബൈ ടാ... ടേക്ക് കെയർ“

”ബൈ“

ഇനി അമ്മയെങ്ങാനും പറഞ്ഞോ ഞാൻ കൂട്ടുകാരുടെ കൂടെ ഇല്ലെന്ന്???... ഇവിടെ ആണെന്ന് പറയാതിരുന്നാൽ മതിയായിരുന്നു. ഞാൻ പെട്ടന്ന് തന്നെ വീട്ടിലേക്ക് വിളിച്ചു.

“ഹലോ”

“ഹലോ അമ്മാ ഇത് ഞാനാ..“

”മോനൂ... എന്താടാ..“

”അമ്മയെന്താ അപ്പനോട് പറഞ്ഞത്???“

”ഞാൻ എന്ത് പറഞ്ഞു???“

”അല്ല രാജു എന്നെ ഇപ്പോ വിളിച്ചിരുന്നു. അപ്പൻ അവനെ വിളിച്ചു എന്നും പറഞ്ഞ്. ഞാൻ ഇവിടെ ആണെന്നെങ്ങാനും അമ്മ അപ്പനോട് പറഞ്ഞൊ???“

”അതെന്ത മോനൂ... ഞാൻ അത്രക്ക് മണ്ടിയാണോ?. അപ്പനോട് പറഞ്ഞിരുന്നെങ്കിൽ എനിക്കിട്ട് രണ്ടെണ്ണം വെച്ച് തന്നിട്ട് ഇപ്പം അവിടെ കണ്ടേനെ. അല്ല നീ അപ്പനെ അവിടെയെങ്ങും കണ്ടില്ലല്ലോ അല്ലേ??? ഹെഹെ....“

”ഓഹ്ഹ് അമ്മയുടെ വളിച്ച തമാശ തുടങ്ങി. ഞാൻ അപ്പനെ ഇവിടെയെങ്ങും കണ്ടില്ല. അപ്പം അപ്പനറിഞ്ഞിട്ടില്ല ഞാൻ ഇവിടെ ആണെന്ന് അല്ലെ... ഗുഡ്... ബാക്കി ഞാൻ നോക്കിക്കോളളാം. ബൈ അമ്മാ... ഞാൻ വെക്കുവാ... റ്റേക്ക് കെയർ“

”ബൈ മോനൂ...“

ഹോ... ഭാഗ്യം അപ്പം അപ്പൻ ഒന്നും അറിഞ്ഞിട്ടില്ല. അപ്പൻ എങ്ങാനും അറിഞ്ഞിരുന്നെങ്കിൽ ഓർക്കാനെ വയ്യാ... ഇവിടെ ഇങ്ങനെ ചുരുങ്ങി കൂടി കിടന്നത് കൊണ്ട് ഒരു കാര്യവുമില്ലാ... ഇല്ലത്തേക്ക് ചെല്ലുവാണെങ്കിൽ എൻെറ പെണ്ണിനോട് കൊറച്ച് സൊള്ളുവെങ്കിലും ചെയ്യാം. ഞാൻ ഒരു മുണ്ടും ഉടുത്ത് ഒരു ഷർട്ടുമെടുത്തിട്ട് ഇല്ലത്തേക്ക് ഇറങ്ങി. മുറ്റത്ത് പ്രിയയും

പിള്ളേരും അക്ക് കളിച്ചുകൊണ്ടിരിക്കുവായിരുന്നു. എന്നെക്കണ്ടതും പ്രിയ കളി നിറുത്തി.

“എന്താ പ്രിയേ എന്നെ കണ്ടതും കളി നിറുത്തിയത്?...“

അവൾ ഒന്നും മിണ്ടിയില്ല. നാണത്തോടെ ഉള്ള ഒരു ചിരി ആണു എനിക്കുത്തരം ആയിട്ട് കിട്ടിയത്

“ഞാൻ വന്നത് കൊണ്ട് കളി നിറുത്തണ്ട. കളിച്ചോ കളിച്ചോ?“ ഞാൻ അവളുടെ അടുത്തേക്ക് ചെന്നു എന്നിട്ട് പതിയെ ചെവിയിൽ പറഞ്ഞു.

“കെട്ടിക്കഴിഞ്ഞ് നമ്മുക്ക് വേറെ കളി കളിക്കാം. എന്തേ??“

അവളുടെ മുഖത്ത് നാണത്തിൻെറ ഒരു അലയടിച്ചു.

“പ്രവിയേട്ടൻ വരയിൽ ചവിട്ടി. പ്രവിയട്ടൻ പുറത്തായി...മാറിക്കേ...“ വിമലും വിനീതും പ്രവിയെ തള്ളിമാറ്റിക്കൊണ്ട് പറഞ്ഞു.

“ഞാൻ ചവിട്ടിയില്ല...ജിത്തുവേട്ടാ ഞാൻ വരയിൽ ചവിട്ടിയോ?“

”ഹ്മ്മ് ചവിട്ടി. പ്രവി പുറത്തായി. ഇനി അടുത്ത ആൾ കയറൂ“

”ഇനി പ്രിയേച്ചിയാ...“ വിനീത് പറഞ്ഞു

”ഞാൻ കളിക്കുന്നില്ല പിള്ളേരെ നിങ്ങൾ കളിച്ചോ“

”അത് പറ്റില്ല. പ്രിയേച്ചിയും കളിക്കണം. എന്ത ജിത്തുവേട്ടൻ വന്നതകൊണ്ടാണോ കളിക്കാത്തത്???“ പ്രവി ചോദിച്ചു.

“പ്രിയകുട്ടി പ്രിയ കളിക്ക് ഞാൻ ഒന്ന് കാണട്ടെ.“ ഞാൻ പിള്ളേരുടെ കൂടെ കൂടി. പ്രിയ എന്നെ ഒന്ന് നോക്കി.

എന്നെ കളിപ്പിച്ചേ അടങ്ങൂ അല്ലേ എന്നൊരു ചോദ്യം അവളുടെ നോട്ടത്തിൽ കണ്ടു. അവൾ കളിക്കാൻ തുടങ്ങി. ഒരോ കളത്തിലേക്ക് ചാടുമ്പോഴും അവളുടെ മുലകൾ തുള്ളിക്കളിക്കുന്നതും കണ്ട് ഞാൻ പടിക്കൽ ഇരുന്നു. ഇടക്ക് അവൾ എന്നെ നോക്കിയപ്പോ ഞാൻ എങ്ങോട്ടാ നോക്കുന്നതെന്ന് അവൾക്ക് മനസ്സിലായി. അവൾ മനപ്പൂർവം വരയിൽ ചവിട്ടി പുറത്തായി. എന്നിട്ട് എൻെറ അടുക്കൽ വന്ന് എൻെറ കയിക്കിട്ട് ഒരു നുള്ള് തന്നു.

“മൊശടൻ എങ്ങോട്ടാ നോക്കിയിരുന്നത് ഞാൻ കളിച്ചപ്പോ???”

“അമ്മേ.... വേദനിച്ചു.“

”നന്നായിപ്പോയി“ അവൾ പറഞ്ഞു.

“ഞാൻ എങ്ങോട്ട് നോക്കാൻ. എൻെറ പെണ്ണിൻെറ മുഖത്തേക്ക്. അല്ലാതെ ഞാൻ എവിടെ നോക്കാൻ. കല്യാണിച്ചേച്ചി ഒണ്ടായിരുന്നെങ്കിൽ ചേച്ചിയെ നോക്കാമായിരുന്നു.“ ഒരു വളിച്ച ചിരി ചിരിച്ചുകൊണ്ട് പറഞ്ഞു.

“കണ്ട പെണ്ണുങ്ങളെ ഒക്കെ നോക്കിയാൽ കൊല്ലും ഞാൻ.“ അൽപം കുശുമ്പ് നിറഞ്ഞ ശബ്ദത്തിൽ അവൾ പറഞ്ഞു.

“അപ്പോ കണ്ട പെൺപിള്ളേരുടെ എവിടെയും നോക്കാൻ പാടില്ല. പ്രിയയുടെ എവിടെയും നോക്കാം അല്ലേ???“ ചിരിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

“ഇനി എന്ത ഇത്ര പ്രത്യേകിച്ചു കാണാൻ കിടക്കുന്നത്. എല്ലാം കണ്ടില്ലേ???“

”എന്ന്???“

”അന്ന് പാമ്പ് മുറിയിൽ കയറിയപ്പോ.“

”അന്ന് പ്രിയയെ നോക്കാൻ പോണോ പാമ്പിനെ നോക്കാൻ പോണോ???“

”ആഹാ അപ്പം അന്നൊന്നും കണ്ടില്ലേ???“

”ഒരു ചെറിയ മറുകൊഴിച്ച് ഒന്നും കണ്ടില്ല“

”മറുകോ അവിടെ???“

”പ്രിയയുടെ എവിടെയാ മറുകുള്ളത്?“

”ചീ... വാ തുറന്നാൽ വഷളത്തരം മാത്രമേ പറയൂ... പോ....“ എൻെറ കൈക്കിട്ട് ഒരു ചെറിയ അടി തന്ന് അവൾ അവിടെ നിന്നും എഴുന്നേറ്റ് പോയി.

“യേയ് പ്രിയകുട്ടീ... നിൽക്ക്“ ഞാൻ അവളുടെ പുറകേ ചെന്നു. അവൾ നേരെ അടുക്കളയിലേക്കാൺ പോയത്. അവിടെ കല്യാണിചേച്ചി മാവരച്ചുകൊണ്ടിരിക്കുവായിരുന്നു. മുല പകുതിയും പുറത്ത് കാണിച്ചാണു അരച്ചുകൊണ്ടിരുന്നത്. അരക്കുന്നതിനനുസരിച്ച് അവരുടെ മുലകൾ

വെളിയിലേക്ക് തള്ളിവന്നുകൊണ്ടിരുന്നു. അവരുടെ ആ പ്രവർത്തി കണ്ടപ്പോ എനിക്കവിടെ നിൽക്കാതിരിക്കാൻ തോന്നിയില്ലാ. എന്നെ പുറകിൽ കാണഞ്ഞിട്ടോ എന്തൊ പ്രിയ തിരിഞ്ഞു നോക്കി. അപ്പോ കണ്ടത് കല്യാണിച്ചേച്ചിയുടെ മുൻപിൽ പന്തം കണ്ട പെരുച്ചാഴിയെപ്പോലെ നിൽക്കുന്ന എന്നെയാണു. അവൾ അടുപ്പിന്റെ വക്കത്തിരുന്ന പപ്പടം കുത്തി എടുത്ത് എന്റെ അടുത്തേക്ക് വന്നു. ഞാൻ ഇതൊന്നും കാണുന്നില്ലായിരുന്നു. അവൾ വന്ന് എന്റെ കാലിൽ ഒരു കുത്ത് തന്നു.

“അയ്യോ.....“ ഞാൻ അറിയാതെ നിലവിളിച്ചു.

“എന്താ ജിത്തു???” കല്യാണിച്ചേച്ചി നോക്കി

“അയ്യോ..എന്ത്യേരെ മാവാ അരക്കുന്നത്... മടുക്കില്ലേ???“

”എങ്കിൽ ജിത്തു വന്ന് അരച്ചു താ...“ അയ്യോ പാരയായി... ഞാൻ അവിടെ ഇരുന്നു. പ്രിയ പൊറകിൽ ഇരുന്ന് വാ പൊത്തി ചിരിച്ചു. ഞാൻ അവിടെ ഇരുന്നു അരക്കാൻ തുടങ്ങി. പ്രിയ എന്റെ അടുക്കൽ വന്നിരുന്നു.

“ചെക്കാ മര്യദക്ക് അവിടെ ഇരുന്ന് ഞങ്ങൾ കളിക്കുന്നതും കണ്ടിരുന്നാൽ പോരായിരുന്നോ... നന്നായിപോയി.... അനുഭവിച്ചോ...ഹിഹി....“

”ഭാവി കെട്ട്യോനെകൊണ്ട് മാവരപ്പിച്ചോ... ഇതാണു ഉത്തമ ഭാര്യ....കൊള്ളാം“

”കൊള്ളാം നന്നായി അരക്കുന്നുണ്ട്...കൊറച്ചുകൂടി കൊണ്ടുവന്നു ഇടട്ടെ...ഹിഹി“.... അവൾ ചിരിച്ചോണ്ട് എഴുന്നേറ്റ് പോയി.

മാവരച്ചു കഴിഞ്ഞു ഞാൻ വെളിയിലേക്ക് ഇറങ്ങാൻ തുടങ്ങി. പ്രിയയുടെ റൂമിന്റെ വാതിൽക്കൽ ചെന്നപ്പോ അവൾ അവിടെ കട്ടിലിൽ ഇരിക്കുന്നത് കണ്ടു. ഞാൻ ഒന്ന് ചുറ്റും നോക്കി. ആരും ഇല്ലാ. ഞാൻ മെല്ലെ അകത്തേക്ക് കയറി. ശബ്ദം ഒണ്ടാക്കാതെ പതുക്കെ അവളുടെ പുറകിൽ ചെന്നു. എന്നിട്ട് കവിളത്തൊരുമ്മ കൊടുത്തു.

“എന്നെക്കൊണ്ട് മാവരപ്പിച്ചാൽ ഇങ്ങനെ ഇരിക്കും” അവൾ ചാടി എഴുന്നേറ്റു.

“നിന്നെ ഞാൻ.....“ എന്നും പറഞ്ഞുകൊണ്ട് എന്നെ തല്ലാൻ എന്ന രീതിയിൽ ഓടി വന്നു. ഞാൻ കതകിൻെറ വെളിയിൽ ഇറങ്ങി പുറത്തേക്ക് ഓടി. അവൾ വിടുന്ന ലക്ഷണമില്ല. ഉമ്മറത്തേക്കുള്ള വാതിൽ കടന്നു ചെല്ലുന്നത് വെല്യച്ചൻെറ പൊറത്തോട്ടായിരുന്നു.

“അമ്മേ...“ എന്നും പറഞ്ഞു വല്യച്ചൻ രണ്ടടി പുറകിലേക്ക് മാറി.

“അയ്യോ വല്യച്ചൻ... വല്യച്ചാ എന്തെങ്കിലും പറ്റിയോ???“ ഞാൻ ചോദിച്ചു.

“എന്താ ഇവിടെ???” വല്യച്ചൻ ചോദിച്ചു. അപ്പോഴാണു പ്രിയ പുറത്തേക്ക് ഓടി വന്നത്. പുറകിൽ കയറിട്ട് വലിച്ച പോലെ പ്രിയ അവിടെ സഡൻബ്രേക്കിട്ട് നിന്നു. വല്യച്ചൻ പ്രിയയെ ഒന്ന് നോക്കി. പിന്നെ എന്നെ നോക്കി.

“ഭഗവതീ... ഇവിടുത്തെ പൊറുത്തി ഇതോടെ തീർന്നു. ഇതുവരെ ഉണ്ടാക്കിയെടുത്ത പേരു കളഞ്ഞു കുളിച്ചു.“ എന്നെ കഴുത്തിനുപിടിച്ച് പുറത്തേക്ക് തള്ളുന്നതും കാത്ത് ഞാൻ അവിടെ നിന്നു. പക്ഷേ അതല്ല അവിടെ സംഭവിച്ചത്.

“ഓടിക്കളിക്കാൻ പറ്റിയ പ്രായം രണ്ടിനും ഹ്മ്മ്....“ എന്നും പറഞ്ഞു വല്യച്ചൻ അകത്തേക്ക് കയറിപ്പോയി... എനിക്കൊന്നും മനസ്സിലായില്ല... പ്രിയ മെല്ലെ അകത്തേക്ക് വലിഞ്ഞു.

“ജിത്തൂ...“ അകത്ത് നിന്നും വല്യച്ചൻെറ വിളി.

“ദാ വരുന്നു വല്യച്ചാ...“ അപ്പം എന്നെ അകത്തേക്ക് വിളിച്ച് തല്ലി വെളിയിൽ ഇറക്കാൻ ആണു പ്ലാൻ. നേരത്തേ പ്രിയ അവിടെ നിന്നത് കൊണ്ടാണു എന്നെ ഒന്നും ചെയ്യാതിരുന്നത്. ഞാൻ അകത്തേക്ക് ചെന്നു. അവിടെ വല്യച്ചൻ ഒരു വാൾ എടുത്ത് പിടിച്ചിട്ടുണ്ടായിരുന്നു. “ഭഗവതീ... എന്നെ വെട്ടിക്കൊല്ലാൻ ആണോ പ്ലാൻ“... ഞാൻ അടുത്തേക്ക് ചെന്നു.

“ജിത്തൂ... ഈ വാൾ കൊണ്ടുപോയി ഒന്ന് മൂർഛ വെച്ച് കൊണ്ടുവാ...“

”എന്തു നല്ല മനുഷ്യൻ. എന്നെകൊല്ലാനുള്ള ആയുധം എന്നെക്കൊണ്ടു തന്നെ മൂർഛ വെപ്പിക്കുന്നു.“ ഞാൻ മനസ്സിൽ ഓർത്തു.

“എന്തിനാ വല്യച്ചാ ഇപ്പം ഈ വാൾ എടുത്തത്. ???“

”അതിനു ആവശ്യം ഒണ്ട്. ജിത്തു പോയിട്ട് വാ...“

”ശെരി വല്യച്ചാ... ഞാൻ വാളുമായി പുറത്തേക്ക് ഇറങ്ങി... കവലയിൽ തങ്കൻ തട്ടാൻെറ അടുത്തു ചെന്ന് വാളിനു മൂർഛ വെപ്പിച്ചു. തിരിച്ച് വീട്ടിൽ വന്നു.

“വല്യച്ചാ ഇതാ വാൾ.“ വാൾ വല്യച്ചൻെറ നേർക്ക് നീട്ടി ഞാൻ പറഞ്ഞു.

“ജിത്തു വാ നമ്മുക്ക് ഒരിടം വരെ പോവാൻ ഒണ്ട്”. മേശയുടെ ഡ്രേയിൽ നിന്നും ഒരു പിസ്റ്റൾ എടുത്ത് പുറകിൽ തിരുകി പുറത്തേക്ക് പൊവുന്നതിനിടയിൽ പറഞ്ഞു.

“എന്നെ കൊല്ലാൻ എന്തിനാ വാളും തോക്കും??? പുള്ളി നിവർന്ന് നിന്ന് ഒന്ന് ചാമ്പിയാൽ ഞാൻ കാലിയാവും. ഓഹ് എനിക്ക് ചിലപ്പൊ സെലക്ട് ചെയ്യാൻ ആയിരിക്കും ഏത് ആയുധം കൊണ്ട് വേണം മരണമടയാൻ എന്നുള്ളത്.“ വല്യച്ചൻ പുറത്തേക്കിറങ്ങി. ഞാൻ പുറകേ ഇറങ്ങി. “ജിത്തൂ വണ്ടിയെട്....“ ഗൗരവത്തോടെയുള്ള വല്യച്ചൻെറ ശബ്ദം. “ഒന്നെങ്കിൽ എന്നെ കൊല്ലാൻ അല്ലെങ്കിൽ ആർക്കിട്ടെങ്കിലും ചാമ്പാൻ, ഇതിൽ രണ്ടിൽ ഏതെങ്കിലും ഇന്നു സംഭവിക്കും.“

”വല്യച്ചാ... ഞാൻ ഒരു ചായ കുടിച്ചോട്ടെ???... പോവുന്നതിനു മുൻപ് ഈ വീട്ടിൽ നിന്ന് ഒരു ചായ കുടിക്കാൻ ഒരു കൊതി.“ ഞാൻ മ്ലാനതയോടെ പറഞ്ഞു.

“നീ എന്താ ചാവാൻ പോവാണോ???.... അങ്ങനത്തെ വിചാരം ഒന്നും വേണ്ട ട്ടോ.... എൻെറ പ്രിയമോൾക്ക് നിന്നെ ഒരുപാടിഷ്ടാ... എല്ലാം ഞാൻ അറിയുന്നുണ്ട്. അവളെ കളിപ്പിക്കാൻ ആണു ഭാവമെങ്കിൽ... എങ്കിൽ നീ പോയി ഒരു ചായ കുടിച്ചിട്ട് വന്നോ...“

എനിക്കെൻെറ കാതുകളെ വിശ്വസിക്കാൻ പറ്റിയില്ല. ഞങ്ങളുടെ ബന്ധം വല്യച്ചനറിയാം. വല്യച്ചനെതിർപ്പോന്നും ഇല്ല. "ഭഗവതി മരിക്കാൻ പൊവുന്നവനോട് അവസാനത്തെ ആഗ്രഹം എന്താണെന്ന് ചോദിക്കുന്നത് പോലെ ആവല്ലേ...."

"അയ്യോ എങ്കിൽ ഞാൻ ഒരു കാലത്തും ഇനി ചായ കുടിക്കില്ലാ... " ഞാൻ പറഞ്ഞു.

"ഹിഹി അത് കൊള്ളാം. നീ ഏതായാലും വണ്ടിയെടുക്ക്. നമ്മുക്ക് ആ മാർട്ടിനെ ഒന്ന് കാണണം." ആഹാ അപ്പം അതാണു കാര്യം. താഴത്തുമനയ്ക്കൽക്കാരുടെ ജന്മശത്രുവായ കണ്ടത്തിൽ മാർട്ടിനെ കാണാൻ ഒള്ള പോക്കാണു. കയ്യും കാലും അനക്കിയിട്ടും കൊറേ നാൾ ആയി. കോളേജിൽ വെച്ച് ആഴ്ചയിൽ ഒരു തല്ലെങ്കിലും ഒണ്ടായിരുന്നതാ... ഞങ്ങളുടെ കോളേജിൻെറ സെക്യൂരിറ്റി സെക്ഷൻ ഞങ്ങൾക്കായിരുന്നു. ഡിഗ്രീ സ്റ്റുഡൻറ്സ് ആയിരിക്കുമ്പോ. ഞങ്ങൾ ഒരു 5 പേർ ഉണ്ട്. രാജു, ജോഷി, ഷൗക്കത്, ഷെർളി പിന്നെ പട്ടാഭി. പട്ടാഭി എന്നുള്ളത് അവൻെറ വിളിപ്പേരാണു. ഞങ്ങളുടെ ഗ്രൂപ്പ് മാത്രമേ അവനെ പട്ടാഭി എന്ന് വിളിക്കൂ... വേറെ ആരെങ്കിലും വിളിച്ചാൽ വിളിക്കുന്നവൻെറ തന്തക്ക് അവൻ വിളിക്കും. സാധാരണ പട്ടന്മാരെപ്പോലെ അവൻ അത്രക്ക് നല്ല പട്ടരൊന്നും അല്ല. അവൻ ബീയർ അടിക്കും സിഗരറ്റ് വലിക്കും. പിന്നെ ഞങ്ങളുടെ ഗ്രൂപ്പിൻെറ സൗണ്ട് ബോക്സ് അവനായിരുന്നു. അവൻെറ അത്രയും ക്ഷമ ഞങ്ങൾക്കാർക്കും ഇല്ലാതതാണു പ്രശ്നം. കോളേജിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഒണ്ടായൽ അവൻ ആദ്യം പോയി സംസാരിച്ചു തീർക്കാൻ നോക്കും. സംസാരിചിട്ടു തീർന്നില്ലെങ്കിൽ പിന്നെ ആണു ഞങ്ങളുടെ രംഗപ്രവേശനം. പിന്നെ അവിടെ പെരുന്നാളിനു പടക്കം പൊട്ടുന്നത്പോലെ എല്ലാം പെട്ടെന്നായിരിക്കും. കുട്ടികൾക്ക് എന്ത് പരാതി ഒണ്ടെങ്കിലും അത് ആദ്യം ഞങ്ങളുടെ അടുത്ത് വന്ന് പറയും. അത്

കഴിഞ്ഞു ഞങ്ങൾ ആണു പ്രിൻസിയോട് അതിനെ കുറിച്ചു പറയുന്നത്. ഞങ്ങളുടെ കോളേജിലെ ഒരു രീതി അങ്ങനെ ആണു.

കോളേജിലെ വിശേഷങ്ങൾ ഇനി പിന്നെ പറയാം. വല്യച്ചൻ വണ്ടിയിൽ വെയിറ്റ് ചെയ്യുന്നത് കണ്ടില്ലേ വായനക്കാരേ... നമ്മുക്ക് അങ്ങോട്ട് പോവാം. എന്ത്യേ???....

ഞാൻ വണ്ടിയെടുത്തു. മാർട്ടിൻെറ വീടിനു വാതിൽക്കൽ ചെന്നു. അവിടെ വാച്മാൻ ഞങ്ങളെ തടഞ്ഞു.

“ഹ്മ്മ് എങ്ങോട്ടാ????” കൈ മുൻപിലേക്ക് വിടർത്തി ഞങ്ങളെ തടഞ്ഞുകൊണ്ട് അയാൾ ചോദിച്ചു. ഞാൻ വല്യേട്ടൻ എന്ന ഫിലിമിലെ മമ്മൂട്ടിക്കാ പറഞ്ഞ ഡയലോഗ് എടുത്തിട്ടു.

“നിൻെറ സാറിൻെറ അമ്മായിയമ്മ അകത്ത് ഇരട്ട പ്രസവിച്ച് കിടക്കുക്കയാണെന്ന് അറിഞ്ഞു. അവരെ ഒന്നു കാണണം. കൊച്ചുങ്ങൾക്കോരോ സ്വർണ്ണാരഞ്ഞാണം കൊടുക്കണം. എന്ത്യേ???? ശരീ വഴിന്ന് മാറെടാ....“ അയാൾ ഞെട്ടി സൈഡിലേക്ക് മാറി. ഞങ്ങൾ മുൻപിലേക്ക് നടന്നു. അതിൻെറ ഇടക്ക് വല്യച്ചൻ എന്നോട് ചോദിച്ചു.

“അത് കൊള്ളായിരുന്നു. എവിടുന്നു കിട്ടി???“

”ഹിഹി അടിച്ചുമാറ്റിയതാ... സിനിമകൾ ഇല്ലായിരുന്നെങ്കിൽ നാം എന്ത് ചെയിതേനെ???“

”ഹ ഹ ഹ.... മിടുക്കൻ. വാ...“ വല്യച്ചൻ അകത്തേക്ക് കയറി. ഞാൻ പുറകേ കയറി. അവിടെ കിടന്നിരുന്ന സൊഫായിൽ വല്യച്ചൻ ഇരുന്നു. എന്നോടും വന്നിരിക്കാൻ കൈ കാണിച്ചു. ഞാൻ വേണ്ട എന്ന രീതിയിൽ തല ആട്ടി. ഞാൻ ചുറ്റും ഒന്ന് നോക്കി. നല്ല ആഡ്യത്തമുള്ള ഒരു വീട്. മുകളിലത്തെ നിലയിൽ നിന്നും ഒരു മനുഷ്യൻ താഴേക്കിറങ്ങി വന്നു.

“അല്ല ഇതാരു രഘുവോ. ??? എന്താ താഴത്ത്മനയ്ക്കലെ തമ്പ്രാൻ ഈ അടിയൻെറ വീട്ടിൽ???“ പുച്ഛത്തോടെ അയാൾ ചോദിച്ചു.

“യേഹ്... ഒന്നൂല കണ്ടത്തിൽ മാർട്ടിൻ മുതലാളിയെ ഒന്ന് കാണാൻ വന്നതാ... സമയം ഒണ്ടോ ആവോ???“

”ഹ്മ്മ് എന്താ കാര്യം???“

”നീ ഇത്ര തറയാകരുത് മാർട്ടിനെ... ഇന്നലെ നിൻെറ കൊറേ വാലുമാക്രികൾ ഞങ്ങളുടെ ബാറിൽ വന്ന് പ്രശ്നമുണ്ടാക്കി. കളിക്കുമ്പോ നേർക്ക് നേരെ നിന്ന് കളിക്ക്. അല്ലാതെ ഇങ്ങനെ ചില വാലുമാക്രികളെ ഇറക്കി ചൊറിയാൻ വന്നാലുണ്ടല്ലോ? അത് ബോറാ... പിന്നെ എനിക്കും തറയാവണ്ടിയ വരും. എന്നെ ആ പരുവത്തിൽ നീ സഹിച്ചു എന്ന് വരില്ല. അതുകൊണ്ട് മര്യാദക്കെങ്കിൽ മര്യാദ. ഇല്ലെങ്കിൽ ഈ രഘുവിൻെറ തനി കൊണം നീ അറിയും. മനസ്സിലായോടാ പന്ന....മോനെ...“

”എടാ നീ അത്രക്കങ്ങ് ആളാവണ്ട... നിന്നെ തറപറ്റിക്കാൻ ഞാൻ പല കളിയും കളിച്ചെന്ന് വരും. അതൊക്കെ സഹിച്ചോണം. താഴത്ത്മനയ്ക്കലെ നാശം അതെനിക്ക് കാണണം. അത് കണ്ടിട്ടെ ഞാൻ എൻെറ കളി നിറുത്തു...“

ഇത് കൂടി കേട്ടപ്പോ എൻെറ യുവരക്തം തിളച്ചു.

“ടാ... താഴത്ത്മനയ്ക്കലെ നാശം കാണാൻ ആണു നീ കണ്ണിലെണ്ണയും ഒഴിച്ചിരിക്കുന്നതെങ്കിൽ അത് വെറുതെയാ... ഈ ജിത്തു ജീവിച്ചിരുപ്പുണ്ടങ്കിൽ ആ ഒരു കാഴ്ച എൻെറ മോൻ കാണില്ല. അത് കൊണ്ട് അതികം നീ വാചകം അടിക്കണ്ട... വല്യച്ചൻ വാ... ഈ പന്നൻ ചെയ്യാനുള്ളതെന്താണെന്ന ചെയ്യട്ടെ അതിൻെറ ബാക്കി അപ്പം കാണാം.“

ഞാൻ വല്യച്ചൻെറ നേരെ തിരിഞ്ഞു. ഞങ്ങൾ അവിടെ നിന്നും ഇറങ്ങി. വീട്ടിൽ വന്നപ്പോ വല്യച്ചൻ എന്നോട് പറഞ്ഞു.

“ജിത്തൂ... നീ സൂക്ഷിക്കണം. അവൻ എന്തും ചെയ്യാൻ മടിക്കാത്തവനാണു.“

”എനിക്കാരെയും പേടിയില്ല അവൻ എന്താണെന്നു വെച്ചാൽ അങ്ങ് ചെയ്യട്ടെ“ ഇതും പറഞ്ഞു ഞാൻ ആ വാൾ വല്യച്ചൻെറ കയ്യിലേക്ക് തിരിച്ചു കൊടുത്തു.

“ഇത് നിൻെറ കയ്യിലിരിക്കട്ടെ. സ്വയരക്ഷക്ക്...“

”ശെരി വല്യച്ചാ...“ ഞാൻ അകത്തേക്ക് കയറി. വല്യച്ചൻ വല്യച്ചൻെറ മുറിയിലേക്ക് കയറിപ്പോയിൽ എന്നുറപ്പായപ്പോ ഞാൻ പ്രിയയുടെ റൂമിലേക്ക് കയറി. അവൾ അവിടെ എന്തൊ വായിച്ചുകൊണ്ടിരിക്കുവായിരുന്നു. ഞാൻ ശബ്ദം ഒണ്ടാക്കതെ പതുക്കെ അവളുടെ പുറകിൽ ചെന്ന് വയറിൻെറ രണ്ട് വശത്തും ചെറുതായി ഒന്ന് കുത്തി. ഇക്കിളി കൊണ്ട് അവൾ ചാടി എഴുന്നേറ്റു.

“എന്താ ഈ കാണിക്കണെ ആരെങ്കിലും കാണും.“

”ആരു കണ്ടാലും എനിക്കെന്താ???... എൻെറ പ്രിയക്കുട്ടി. വല്യച്ചനു നമ്മുടെ ബന്ധം അറിയാം. നിന്നെ ഇട്ടേച്ചും പൊയാൽ എന്നെ കൊല്ലും എന്ന് പറഞ്ഞു. നിനക്കെന്നെ അത്രക്കിഷ്ടമാണെന്നും.“

അവളുടെ മുഖത്ത് പറഞ്ഞറിയിക്കാൻ പറ്റാത്തൊരു ഭാവം. അവൾ എൻെറ അടുത്തേക്ക് വന്ന് എന്നോട് ചോദിച്ചു.

“അച്ഛൻ അങ്ങനെ പറഞ്ഞോ???”

“കോട്ടപ്പുറം ഭഗവതിയാണെ സത്യം എന്നോട് അങ്ങനെ പറഞ്ഞു.“

അവൾ ചാടി എന്നെ കെട്ടിപ്പിടിച്ചു. ഞാൻ പ്രതീക്ഷിക്കാതെ ഒള്ള ഒരു പ്രവർത്തിയായിരുന്നു അത്. ഞാൻ മറിഞ്ഞു കട്ടിലിലേക്ക് വീണു. കൂടെ അവളും. ഞാൻ അവളുടെ കണ്ണിലേക്ക് തന്നെ നോക്കിക്കൊണ്ടിരുന്നു, അത് കണ്ട അവൾ എന്നോട് ചോദിച്ചു.

“എന്താ ഇങ്ങനെ നോക്കണേ???”

“യേഹ്ഹ്ഹ് ഒന്നുമില്ല...“

”അല്ല എന്തോ ഒണ്ട്“

”അല്ലാ ഞാൻ ആലോചിക്കുവായിരുന്നു...“

”എന്ത്???“

”തോക്കിൽ കയറി വെടി വെക്കാതെ പെണ്ണേ... ഞാൻ ആലോചിക്കട്ടെ...“

”എങ്കിൽ ഇയാൾ ഇവിടെ കിടന്നാലോചിച്ചോ...ഞാൻ പോവാ....“

”ഹാ... പിണങ്ങാതെ കൊച്ചേ... ഞാൻ പറയട്ടെ...“

”ഹ്മ്മ് പറ.“

”ഞാൻ ആരാണെന്ന് വല്യച്ചൻ ശെരിക്കറിയുമ്പോ എന്ത് സംഭവിക്കുമെന്ന് ഞാൻ ആലോചിക്കുവായിരുന്നു“

അവൾ പെട്ടന്ന് എൻെറ മുകളിൽ നിന്നും എഴുന്നേറ്റു. കട്ടിലിൽ ഇരുന്നു. ഞാൻ അവളുടെ അരികിലായി ഇരുന്നു. “ജിത്തുവേട്ടാ... എനിക്ക് പേടിയാവണു. അച്ചൻ സമ്മതിച്ചു എന്നു പറയുകയും ചെയ്തു ഇനി എങ്ങാനും ഈ വിവരം അറിഞ്ഞു കഴിയുമ്പോ സമ്മതിച്ചിലെങ്കിലോ???...“

“എൻെറ പെണ്ണേ അതിനെക്കുറിച്ച് നമ്മുക്ക് പിന്നെ ആലോച്ചിക്കാം. ഓരോ കുന്തങ്ങൾ പറഞ്ഞു മനുഷ്യൻെറ മൂട് കളയാൻ ഞാൻ തന്നെ ഇറങ്ങിക്കോളും. ഹ്മ്മ്...“.